ഉത്തരം

(എ) അൺഇക്കണോമിക് എന്ന കാരണത്താൽ സംസ്ഥാനത്തു 1984-85, 1985-86 എന്നീ വർഷങ്ങളിൽ സ്കൂളുകൾ ഒന്നും തന്നെ നിറുത്തലാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നൂറു വിദ്യാർത്ഥികളിൽ കുറവുള്ള സ്കൂളുകൾ

504. [704] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 100 (നൂറു) വിദ്യാർത്ഥികളിൽ കുറവുള്ള എത്ര സർക്കാർ സ്കൂളുകൾ ഉണ്ട് ;

(ബി) റവന്യൂ ജില്ലതിരിച്ചുള്ള കണക്കു പറയാമോ ;

(സി) ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ലയിലെ ജെ. ബി. എസ്. വടക്കുംകര, ജി. എൽ. പി. എസ്. ആനന്ദപുരം എന്നീ സർക്കാർ ലോവർ പ്രൈമറി സ്കൂളുകളിൽ ആവശ്യത്തിനു സ്ഥലസൗകര്യങ്ങളുണ്ടായിട്ടും നിവേദനങ്ങൾ നൽകിയിട്ടും എന്തുകൊണ്ടാണ് അപ്ഗ്രേഡ് ചെയ്യാത്തത്. മേൽപ്പറഞ്ഞ സ്കൂളുകൾ അടുത്ത അദ്ധ്യയന വർഷത്തിൽ അപ്ഗ്രേഡ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) 1984-85 വർഷാരംഭത്തിൽ 100 വിദ്യാർത്ഥികളിൽ കുറവുള്ള 73 സർക്കാർ സ്കൂളുകൾ ഉണ്ടായിരുന്നു. ജില്ലതിരിച്ച കണക്കുകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. †1985-86-ലെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഈ വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലാണ്.

1985-86 വർഷത്തിൽ അനുവദിച്ച സ്കൂളുകൾ

505. [705] ശ്രീ. കെ. പുരുഷോത്തമൻ :

ശ്രീമതി. പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ 1985-86 വിദ്യാഭ്യാസ വർഷത്തിൽ സർക്കാർ മേഖലയിൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) പുതുതായി സ്കൂളുകൾ തുടങ്ങുന്നതിനു മുന്നോടിയായി വല്ല സർവേ പ്രവർത്തനങ്ങളും നടത്തുവാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 12.

(സി) ഓരോ സ്കൂളിന്റെയും വിദ്യാഭ്യാസ ആവശ്യം പരിഗണിച്ചാണ് സ്കൂളുകൾ തുടങ്ങാൻ അനുമതി നൽകുന്നത്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
2. എച്ച്. ററി.	1. കെ. വി. എറെ	12	1-9-1982
	ആദ്യത്തെ 250 യൂണി ററിനു-6	11	
	അടുത്ത 250 യൂണി ററിനു-5	10	
	ബാക്കി യൂണി ററിനു-4		
3. എൽ. ററി.	25	30	
(എ) ഗാർഹികം	10 കിലോ വാട്ടുവരെ-42	50	
(ബി) ഗാർഹികേതരം	10 കി. വാട്ടിനു മുകളിൽ 52	60	15-8-1982
(സി) കാർഷികം	12	12	
(ഡി) വ്യാവസായികം	17	17	

കൂടാതെ ഒന്നും രണ്ടും ഉപഭോക്തൃ വിഭാഗങ്ങളിൽ നിന്നും എം. ഡി. ചാർജും മൂന്നാം ഉപഭോക്തൃ വിഭാഗങ്ങളിൽ നിന്നും ഫിക്സഡ് ചാർജും ഈടാക്കുന്നുണ്ട്.

അനുബന്ധം-VI

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യനമ്പർ [704] കാണുക

ജില്ല തിരിച്ചുള്ള കണക്കുകൾ

തിരുവനന്തപുരം	11
കൊല്ലം	11
ആലപ്പുഴ	10
കോട്ടയം	2
പത്തനംതിട്ട	—
എറണാകുളം	8
ഇടുക്കി	—
മലപ്പുറം	—
തൃശ്ശൂർ	11
പാലക്കാട്	10
കോഴിക്കോട്	—
വയനാട്	7
കണ്ണൂർ	3
കാസർകോട്	—
	73

LIBRARY ARCHIVES Kerala Legislative Assembly